ടെലിവിഷൻ ചാനൽ

9 (720)പ്രൊഫ. എ.വി. താമരാക്ഷൻ :
ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :
ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് സ്വന്തമായി ടെലിവിഷൻ ചാനൽ തുടങ്ങുവാൻ ഉദ്ദേശമുണ്ടോ;

(ബി) ചാനലിന്റെ സ്ഥാപനത്തിന് എന്തു തുക ചെലവ് വരും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത ചാനലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ മറ്റേതെങ്കിലും സംസ്ഥാന സർക്കാരുകൾക്ക് ടെലിവിഷൻ ചാനലുകൾ ഉള്ളതായി സർക്കാരിന് അറിവുണ്ടോ?

ഉത്തരം

(എ)-(സി) ഒമ്പതാം പദ്ധതി രൂപരേഖ ആസൂത്രണം ചെയ്യുന്നതിനോടനുബന്ധിച്ച്, ഇലക്ട്രോണിക്സ് മാധ്യമത്തിനായുള്ള സംസ്ഥാന ആസൂത്രണ ബോർഡിന്റെ കർമ്മസമിതി, സംസ്ഥാനത്തിന്റെ സാമൂഹികവും, ദീർഘകാല വികസനപരവുമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഒരു ബൃഹത്തായ വാർത്താവിനിമയ ശൃംഖലയ്ക്ക് ഉപയുക്തമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാർ നയം വിശദീകരിക്കുക, വികേന്ദ്രീകൃത ആസൂത്രണത്തിന്റെ വെളിച്ചത്തിൽ ജനങ്ങളുമായി നേരിട്ട് സമ്പർക്കം ഉറപ്പാക്കുക, വിദേശ മലയാളികളുമായി ബന്ധം വയ്ക്കുക, കേരളത്തിന്റെ തനതായ സാമൂഹികവും, സാംസ്ക്കാരികവുമായ പരിപാടികൾ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഒരു സ്വതന്ത്ര ഉപഗ്രഹ ടി.വി. ചാനൽ സ്ഥാപിക്കാനുള്ള കാര്യം പരിഗണിക്കുന്നത്. ഇതിനായി സംസ്ഥാന സർക്കാരിന് പ്രത്യേകമായി ഒരു ടിവി ചാനൽ സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി കേന്ദ്ര സർക്കാരിനെ സമീപിക്കുന്ന കാര്യം പരിഗണനയിലുണ്ട്. മറ്റു കാര്യങ്ങൾ വിശദമായി പരിശോധിച്ചിട്ടില്ല.

(ഡി) പശ്ചിമബംഗാൾ തുടങ്ങിയ ചില സംസ്ഥാനങ്ങൾ ടെലിവിഷൻ ചാനൽ തുടങ്ങുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമീപിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടി

10 (721)ശ്രീ. ജി. സുധാകരൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയമത്തിലൂടെ നിയന്ത്രിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം നിയന്ത്രിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ശുപാർശകൾ സർക്കാരിന് സമർപ്പിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത ശുപാർശകളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന് പകരമായി പരിസ്ഥിതിക്ക് ഇണങ്ങുന്ന വസ്തുക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ആലോചനയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. പ്ലാസ്റ്റിക് ക്യാരിബാഗുകളും കണ്ടെയ്നറുകളും നിർമ്മിക്കുന്നതിലും ഉപയോഗിക്കുന്നതിലും പ്ലാസ്റ്റിക് പുനഃരുപയോഗം ചെയ്യുന്നതിലും കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം 1999 സെപ്റ്റംബർ 2-ാം തീയതി പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം വിജ്ഞാപനം ചെയ്ത റീസൈക്കിൾസ് പ്ലാസ്റ്റിക് മാനുഫാക്ചർ ആന്റ് യൂസേജ് റൂൾസ് പ്രകാരമുള്ള നിയന്ത്രണങ്ങൾ സംസ്ഥാനത്തും ബാധകമാണ്. ഈ നിയമം നടപ്പിലാക്കാൻ വേണ്ട നടപടികൾ എടുത്തുവരുന്നു. തനതായതും, പുനരുപയോഗം ചെയ്തതുമായ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിർമ്മാണവും ഉപയോഗവും കേന്ദ്രചട്ടങ്ങൾപ്രകാരം സംസ്ഥാനത്ത് നിയന്ത്രിച്ചിട്ടുണ്ട്. പുനഃരുപയോഗം ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള സഞ്ചികളിലും, കണ്ടെയ്നറുകളിലും ആഹാരസാധനങ്ങൾ കൈകാര്യം ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണത്തിന് ഗുണനിലവാരമുള്ള ചായങ്ങളും മറ്റുമേ ഉപയോഗിക്കാൻ പാടുള്ളൂ എന്നും നിർമ്മിക്കുന്ന പ്ലാസ്റ്റിക് കൂടുകളുടെ കനം 20 മൈക്രോണിൽ കുറയാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ മൊത്ത വിതരണക്കാരുടെ കൈവശമുള്ള പ്ലാസ്റ്റിക് കൂടുകളുടെ സ്റ്റോക്ക് 30.11.1999-ന് മുമ്പ് ശേഖരിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) സമർപ്പിച്ചിരുന്നു. പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കണമെന്നും ബയോ ഡീഗ്രേഡബിൾ അല്ലാത്ത പ്ലാസ്റ്റിക്കിന്റെ ഉല്പാദനവും ഉപയോഗവും ഘട്ടംഘട്ടമായി നിരോധിക്കണമെന്നും പ്ലാസ്റ്റിക്കിനു പകരമായി ബയോഡീഗ്രേഡബിൾ ആയ മറ്റു വസ്തുക്കൾ നിർമ്മിക്കുന്ന ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കണമെന്നും അത്തരം വ്യവസായങ്ങൾക്ക് സാമ്പത്തിക സഹായം നൽകണമെന്നുമാണ് സമിതിയുടെ ശുപാർശകൾ.

ഈ ശുപാർശകളിന്മേൽ മാത്രമായി നടപടികൾ സ്വീകരിക്കാനായില്ലെങ്കിലും ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരം കനം കുറഞ്ഞ (20 മൈക്രോണിൽ താഴെ) പ്ലാസ്റ്റിക് സഞ്ചികളുടെ നിർമ്മാണവും ഉപയോഗവും നിയന്ത്രിച്ചിരിക്കുകയാണ്. കൂടാതെ പ്ലാസ്റ്റിക്കിന്റെ നിർമ്മാണത്തിലും ഉപയോഗത്തിലും പുനഃരുപയോഗത്തിലും കേന്ദ്ര ചട്ടങ്ങൾ പ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലിനീകരണ പ്രശ്നങ്ങൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വ്യാപകമായ പ്രചാരണങ്ങൾ, പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നീ മാധ്യമങ്ങളിലൂ

LIBRARY ARCHIVES Kerala Legislative Assembly

ടെയും മറ്റും സംഘടിപ്പിക്കുകയും ഇക്കൊല്ലം 1999-2000 പരിസ്ഥിതി ബോധ വൽക്കരണ പരിപാടികൾക്കായി സംസ്ഥാനത്തുടനീളം തെരഞ്ഞെടുക്കപ്പെട്ട സംഘടനകൾ വഴി വ്യാപകമായ പ്രചാരണം നൽകാനും തീരുമാനമായിട്ടുണ്ട്. കൂടാതെ പ്ലാസ്റ്റിക്കിനെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന 'പ്ലാസ്റ്റിക് ഒരു ബോധവൽക്കരണ സഹായി' എന്ന പുസ്തകം തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്.

(സി) നിയമസഭയുടെ പരിസ്ഥിതി കമ്മറ്റിയുടെ ശുപാർശയിൽ ഇങ്ങനെയൊരു നിർദ്ദേശം ഉണ്ടായിരുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അനെർട്ടിന്റെ പ്രവർത്തനം

11 (722)ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് അറിയിക്കുമോ;

(സി) ഇതിൽ ഏതൊക്കെ പദ്ധതികൾക്ക് സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടെന്നറിയിക്കുമോ;

(ഡി) അനെർട്ടിന്റെ ചുമതലയിൽ സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്ത് സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതീകരണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) അനർട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് കേന്ദ്രത്തിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ;

(എഫ്)എങ്കിൽ ഏതൊക്കെ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടെന്നും ഓരോ പദ്ധതിക്കും എത്രവീതം ധനസഹായം ലഭിക്കുന്നുവെന്നും വിശദമാക്കുമോ;

(ജി) ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ ഉല്പന്നങ്ങൾക്ക് സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) അനർട്ടിനെ വിപുലീകരിക്കുന്നതിനു സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. എല്ലാ ജില്ലകളിലും രണ്ട് ഓഫീസ് എന്ന കണക്കിന് 28 ഓഫീസുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

2. ട്രെയിനിംഗ് ഡയറക്ടറേറ്റുമായി സഹകരിച്ച് പോസ്റ്റ് - ഐ.ടി. ഐ. ട്രെയിനിംഗ് കോഴ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly